II ഇ.ബി. XIII- കേരള നിയമസഭ/X-9

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജനുവരി 28, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

**27 (*241) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ**

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാംഹിം കുഞ്ഞ്) നൽകിയ മറുപടിയിൽ, കേന്ദ്രസർക്കാരിന്റെ ദേശീയപാതാ വികസന പദ്ധതി പ്രകാരം ബി.ഒ.ടി. വ്യവസ്ഥയിൽ വികസിപ്പിക്കുന്നതിനുള്ള Right of Way (ROW) 60 മീറ്റർ ആണെന്നും കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കി ലെടുത്ത് ഇത് 45 മീറ്ററാക്കി നിജപ്പെടുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. എൻ.എച്ച്.–17, എൻ.എച്ച്.–47 എന്നിവയാണ് സർവ്വീസ് റോഡോടുകൂടിയ 4/6 വരി പാതയായി വികസിപ്പിക്കാൻ എൻ.എച്ച്.എ.ഐ–യ്ക്ക് കൈമാറിയി ട്ടുള്ളത്. എൻ.എച്ച്. 47–ലെ വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെയുള്ള ഭാഗം ആറുവരി പാതയായി വികസിപ്പിക്കുന്നതിനാവശ്യമായ Right Of Way (ROW) ഏറ്റെടുക്കുകയും തൃശ്ശൂർ മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗത്തെ

പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വാളയാർ മുതൽ വടക്കഞ്ചേരി വരെയും വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെയുമുള്ള ഭാഗം 4/6 വരിപ്പാതയാക്കുന്നതിനുള്ള കരാർ എൻ.എച്ച്.എ.ഐ. നൽകിയിട്ടുണ്ട്. വാളയാർ മുതൽ വടക്കഞ്ചേരി വരെയുള്ള ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ 13.11.2015–ൽ പൂർത്തീകരിക്കാനാകുമെന്നും വടക്കഞ്ചേരി മുതൽ തൃശ്ശൂർ വരെയുള്ള ഭാഗത്തെ പ്രവൃത്തികൾ പുനരാരംഭിക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും 30 മാസംകൊണ്ട് അവ പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. ഭൂമി ഏറ്റെടുത്തു നൽകാൻ കഴിയാത്തതിനാൽ കേരള–കർണ്ണാടക അതിർത്തി മുതൽ കണ്ണൂർ വരെയുള്ള 130.8 കിലോമീറ്ററും കണ്ണൂർ മുതൽ വെങ്ങളം വരെയുള്ള 82 കിലോമീറ്ററും വെങ്ങളം മുതൽ കുറ്റിപ്പുറം വരെയുള്ള 88 കിലോമീറ്ററുമുള്ള മൂന്ന് റീച്ചുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് എൻ.എച്ച്.എ.ഐ. നൽകിയിരുന്ന കരാർ റദ്ദാക്കേണ്ടി വന്നിട്ടുണ്ട്. കോഴിക്കോടിനടുത്ത് ഇടിമുഴീക്കൽ മുതൽ കുറ്റിപ്പുറം വരെയുള്ള ഭാഗത്തിന്റെ 3എ(1) വിജ്ഞാപനം നിലവിലുണ്ട്. കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിജ്ഞാപനം യഥാക്രമം 01.05.2014–ലും 31.03.2014–ലുമായി കാലഹരണപ്പെടുന്നതാണ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 3എ വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കാനാകാത്ത സ്ഥലങ്ങൾക്കുവേണ്ടി 3എ വിജ്ഞാപനം പുന:പ്രസിദ്ധീകരിക്കേണ്ടതായിട്ടുണ്ടെന്നും പ്രസ്തുത ജില്ലകളിലെ ചില സ്ഥലങ്ങളിൽ സർവ്വേ പൂർത്തിയാക്കി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും (കോഴിക്കോട്

ജില്ലയിലെ കൊയിലാണ്ടി ബൈപ്പാസ് ഒഴികെ) 3ഡി വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. പൊതുജനങ്ങളുടെ നിസ്സഹകരണംമൂലം മലപ്പുറം ജില്ലയിൽ സർവ്വേ പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. എൻ.എച്ച്.–17–ന്റെയും എൻ.എച്ച്.–47–ന്റെയും ഭാഗമായ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള പ്രദേശങ്ങളിലെ സ്ഥലമെടുപ്പ് മന്ദഗതിയിലാണ്. ദേശീയപാത 17–ൽ കുറ്റിപ്പുറം മുതൽ ഇടപ്പള്ളി വരെയുള്ള 112 കി.മീ. നീളമുള്ള റോഡിനുവേണ്ടി 26.11.2013–ന് മൂന്നാമത്തെ 3എ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 3ഡി വിജ്ഞാപനത്തിനുള്ള നടപടികൾ തൃശ്ശൂർ ജില്ലയിൽ നടന്നുവരുന്നു. എൻ.എച്ച്. 17–ൽ മലപ്പുറം, തൃശ്ശൂർ ജില്ലകളിലെ കുറ്റിപ്പുറം മുതൽ മേത്തല വരെ അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ എതിർപ്പുമൂലം 3 ഡി സർവ്വേ പൂർത്തിയാക്കാൻ കഴിയാത്തതിനാൽ ചേർത്തല മുതൽ തിരുവനന്തപുരം വരെയുള്ള സ്ഥലമെടുപ്പിനായി കേന്ദ്ര സർക്കാരിന്റെ ഗസറ്റിൽ പ്രസിദ്ധീകരിച്ച 3എ(1) വിജ്ഞാപനങ്ങൾ റദ്ദാക്കേണ്ടതായി വന്നു. കഴക്കൂട്ടം മുതൽ മുക്കോല വരെ നാലുവരിപ്പാതയാക്കാനാവശ്യമായ 45 മീറ്റർ Right of Way (ROW) സർക്കാർ ഏറ്റെടുത്ത് നൽകിയിട്ടുണ്ടെന്നും ഉടൻതന്നെ എൻ.എച്ച്.എ.ഐ. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണെന്നും മുക്കോല മുതൽ സംസ്ഥാന അതിർത്തിവരെയുള്ള സ്ഥലമെടുപ്പിനായി 3ഡി വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും തുടർ നടപടികൾ പുരോഗമിച്ചുവരികയാണെന്നും മന്ത്രി വ്യക്തമാക്കി. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായി രണ്ട് വർഷത്തിനകം റോഡ്‌വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നാഷണൽ ഹൈവേകൾക്കുവേണ്ടി ഏറ്റെടുക്കുന്ന

ഭൂമിക്ക് കോമ്പറ്റീറ്റീവ് അതോറിറ്റി ഓഫ് ലാന്റ് അക്വിസിഷൻ കോമ്പൻസേഷൻ നിശ്ചയിക്കുന്ന സംവിധാനം മാറ്റണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാർ പാസ്സാക്കിയ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമം 01–01–2014 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ടെന്നും ഇതനുസരിച്ച് പൊതു ആവശ്യങ്ങൾക്ക് സ്ഥലമേറ്റെടുക്കുമ്പോൾ പദ്ധതി ബാധിതർക്ക് മെച്ചപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസവും പുന:സ്ഥാപനവും നൽകുന്നതിന് വ്യവസ്ഥയുണ്ടെന്നും ഒരു വർഷത്തിനു ശേഷം പ്രത്യേക നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിലൂടെ മാത്രമേ നാഷണൽ ഹൈവേയുടെ സ്ഥലമേറ്റെടുക്കലിന് ഇത് ബാധകമാകുകയുള്ളൂവെന്നും സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുള്ള ആർ & ആർ പാക്കേജ് അനുസരിച്ച് ഭൂമി ഏറ്റെടുക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ദേശീയപാതയിൽ ആകെ 29 കി.മീ. നീളമുള്ള കരമന–കളിയിക്കാവിള റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് ഫേസ് ഒന്നിൽ ഉൾപ്പെട്ട കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള ആദ്യ റീച്ചിനുള്ള സ്ഥലം ഏറ്റെടുത്തിട്ടുണ്ടെന്നും ഇതിനായി 376 കോടി രൂപ അനുവദിച്ചതിൽ 302 കോടി ചെലവഴിച്ചിട്ടുണ്ടെന്നും റോഡ് നിർമ്മാണത്തിന് 74 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ടെന്നും നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണെന്നും പാലക്കാട്–കോഴിക്കോട് നാഷണൽ ഹൈവേ എൻ.എച്ച്.ഡി.പി.–ൽ നിന്ന് തിരിച്ചെടുത്തിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. പുനലൂർ–മൂവാറ്റുപുഴ റോഡിന്റെ സ്ഥലമേറ്റെടുക്കൽ പൂർത്തിയായിട്ടുണ്ടെന്നും 2014 ഫെബ്രുവരി 12–ാം തീയതി മുഖ്യമന്ത്രി അതിന്റെ നിർമ്മാണോദ്ഘാടനം നിർവ്വഹിക്കുന്നതാണെന്നും ബൈപ്പാസു

കളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾ കേന്ദ്ര–സംസ്ഥാന ഗവൺമെന്റുകളുടെ 50:50 കോസ്റ്റ് ഷെയറിംഗ് സംവിധാന ത്തിലാണ് നടപ്പിലാക്കുന്നതെന്നും മണ്ണാർക്കാട് ബൈപ്പാസ് പ്രാവർത്തികമാ ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥ പ്രകാരമാണ് ടോൾ പിരിവ് നടത്തുന്നതെന്നും ഉപ ചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**28 (*242) <u>പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമിയുടെ രേഖകൾ</u>**

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, സർക്കാർ പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിയുടെ സംസ്ഥാനാടി സ്ഥാനത്തിലുള്ള ക്രോഡീകൃത വിവരങ്ങൾ ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും താലൂക്കുതല വിവരങ്ങൾ താലൂക്ക് തലങ്ങളിലും സൂക്ഷിക്കുന്നുണ്ടെന്നും ജില്ലാതല വിവരങ്ങളുടെ കരട് രൂപം www.kslb.kerala.gov.in എന്ന വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുകയും കാലാകാലങ്ങളിൽ നാളതീകരണം ചെയ്യുകയും ചെയ്യുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഉടനടി ആവശ്യമി ല്ലാത്തതും ഭാവിയിൽ വേണ്ടിവരുന്നതുമായ സർക്കാർ ഭൂമിയാണ് പാട്ടത്തിന് നൽകുന്നത്. സർക്കാർ നയങ്ങൾക്കും നിലവിലുള്ള ഭൂമിപതിവ് ചട്ടങ്ങൾക്കും വിധേയമായാണ് കാലഹരണപ്പെട്ട പാട്ടഭൂമി തിരിച്ചെടു ക്കുകയും പാട്ടം പുതുക്കി നൽകുകയും ചെയ്യുന്നതെന്നും പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചെടുക്കുന്നതിന് 2009–ലെ കേരള ഭൂസംരക്ഷണ നിയമം (ഭേദഗതി) പ്രകാരം നടപടി സ്വീകരിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പാട്ടഭൂമി ദുരുപയോഗം ചെയ്യപ്പെടുന്നതു സംബന്ധിച്ച് പരിശോധിക്കു

ന്നതാണ്. കോട്ടയത്ത് അനധികൃത കൈമാറ്റം നടത്തിയ 1.8697 ഹെക്ടർ സർക്കാർ ഭൂമിയുടെ പാട്ടം റദ്ദുചെയ്യുകയും ഭൂമി തിരിച്ചുപിടിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഹാരിസൺസ് മലയാളം പ്ലാന്റേഷൻ കോർപ്പറേഷൻ അനധികൃതമായി സർക്കാർവക ഭൂമി കൈവശപ്പെടുത്തിയതിനെതിരെ ഹൈക്കോടതിയിൽ കേസ് നിലനിൽക്കുകയാണ്. കെ.ഐ.പി., പമ്പ ഇറിഗേഷൻ തുടങ്ങിയവയ്ക്കായി പാട്ടത്തിനെടുത്ത വിനിയോഗിപ്പെടാതെ കിടക്കുന്ന ഭൂമി സീറോ ലാന്റ്ലെസ് പദ്ധതി അനുസരിച്ച് പാവപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും ബഡ്ജറ്റ് ഡോക്യുമെന്റിൽ ഗവൺമെന്റ് ലീസിനുകൊടുത്ത ഭൂമിയുടെ വിവരങ്ങൾ ഉൾപ്പെടുത്തുന്നതിലുണ്ടായ അപാകത സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

29 (*243) <u>റേഷൻ വിതരണത്തിലെ അപാകതകൾ</u>

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) നൽകിയ മറുപടിയിൽ, റേഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി പരിശോധനകൾ കർക്കശമാക്കാനും റേഷൻ കാർഡുകൾ പരിശോധിച്ച് ഉടമകൾക്ക് അർഹതപ്പെട്ട വിഹിതം കിട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്താനും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇലക്ട്രോണിക് ത്രാസുകൾ ഉപയോഗിക്കുന്നതുമൂലം ഭക്ഷ്യധാന്യങ്ങൾ കൃത്യമായ അളവിൽ ഉപഭോക്താവിന് ലഭ്യമാക്കാൻ കഴിയുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഭക്ഷ്യധാന്യങ്ങളുടെ നോർമൽ വിഹിതത്തിൽ കേന്ദ്രഗവൺമെന്റ് കുറവ് വരുത്തിയിട്ടി

ല്ലെങ്കിലും അഡ്ഹോക്ക് വിഹിതത്തിൽ ഏറ്റക്കുറച്ചിലുകളുണ്ടായിട്ടുണ്ട്. 2013–14 സാമ്പത്തിക വർഷം അനുവദിച്ച ആകെ വിഹിതം 1574832 മെട്രിക് ടൺ ആണെങ്കിലും പ്രതിവർഷ വിട്ടെടുപ്പ് വിഹിതം 1472688 മെട്രിക് ടണ്ണിൽ കൂടാൻ പാടില്ലെന്ന് നിബന്ധനയുണ്ടെന്നും അത് ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും മന്ത്രി വ്യക്തമാക്കി. എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് 10 കി.ഗ്രാമും ബി.പി. എൽ.–കാർക്ക് 25 കി. ഗ്രാം അരിയും 5 കി.ഗ്രാം ഗോതമ്പും ഉൾപ്പെടെ 30 കി.ഗ്രാം വീതവും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നുണ്ട്. ബി.പി.എൽ. കുടുംബങ്ങൾക്കുള്ള ഗോതമ്പിന്റെ വിഹിതത്തിൽ കുറവ് വരുത്തിയിട്ടില്ല. ഫെബ്രുവരി മാസം മുതൽ എം.എസ്.പി. റേറ്റിൽ ഗോതമ്പ് വിതരണം ചെയ്യു മെന്നും ഓരോ മാസത്തെയും അലോട്ട്മെന്റ് കൃത്യമായി പത്രങ്ങളിൽ പ്രസിദ്ധീകരിക്കാറുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ധർമ്മസ്ഥാപനങ്ങൾക്ക് കൃത്യമായ തോതിലുള്ള ഭക്ഷ്യധാന്യ വിതരണം പുനഃസ്ഥാപിച്ചിട്ടുണ്ട്. എൽ.പി.ജി. കണക്ഷനുകൾ വർദ്ധിക്കുന്നതിന് ആനുപാതികമായി മണ്ണെണ്ണയുടെ വിഹിതം കുറയുകയാണെന്നും പ്രതിമാസം ലഭിക്കുന്ന 10020 കിലോ ലിറ്റർ മണ്ണെണ്ണയിൽ നിന്ന് ഫിഷറീസ് സെക്ടറിന് 2500 കിലോ ലിറ്റർ മണ്ണെണ്ണയും ഇ–കാർഡുകൾക്ക് ഒരു ലിറ്റർ മണ്ണെണ്ണയും കൊടുക്കു ന്നുണ്ടെന്നും എൻ.ഇ. കാർഡുകൾക്കുള്ള മണ്ണെണ്ണ വിഹിതത്തിൽ കുറവ് വരുന്നുണ്ടെന്നും അനർഹമായി എൻ.ഇ. കാർഡുകളിലുൾപ്പെട്ടിരുന്ന 82183 പേരെ ഇ–കാർഡുകളിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടി യായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 2857 മുതൽ 3195 വരെയുള്ള ചോദ്യങ്ങളിൽ 135 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)